# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :4522      26-06-2014-ലെ മറുപടിക്ക്

### ശബരി വെളിച്ചെണ്ണയുടെ വില വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| എ) | സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ശബരി വെളിച്ചെണ്ണയുടെ വില വർദ്ധിപ്പിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അനുമതി തേടിയിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | സ്വകാര്യ വെളിച്ചെണ്ണ ലോബിയുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് വില വർദ്ധിപ്പിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | ഓരോ ഔട്ട്ലെറ്റിനും നൽകി വരുന്ന വെളിച്ചെണ്ണയുടെ അളവ് വ്യക്തമാക്കുമോ; | സി) | 2014 മെയ് മാസം വരെ സപ്ലൈകോ ഡിപ്പോകളിൽ നിന്നും ഓൺലൈനായി ലഭിക്കുന്ന ഇന്റന്റ് പ്രകാരം ആവശ്യാനുസരണം വെളിച്ചെണ്ണ വിതരണം ചെയ്ത് വന്നിരുന്നു. വെളിച്ചെണ്ണയുടെ മാർക്കറ്റ് വിലയും സബ്സിഡി നിരക്കിലുള്ള വിൽപ്പന വിലയും തമ്മിലുള്ള ഭീമമായ അന്തരം നിമിത്തം ഉണ്ടാകുന്ന നഷ്ടം കുറക്കുന്നതിന് ഓരോ ഡിപ്പോക്കും സബ്സിഡി നിരക്കിൽ നൽകുന്ന വെളിച്ചെണ്ണയുടെ അളവ് ഒരു ലോഡായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കാർഡൊന്നിന് ഒരു മാസം ഒരു ലിറ്റർ എന്ന തോതിൽ ഉപഭോക്താവിന് ഇത് ലഭ്യമാക്കി വരുന്നുണ്ട്. എന്നാൽ ഫ്രീ സെയിൽ റേറ്റിൽ മാർക്കറ്റ് വിലയേക്കാൾ 10-20% വിലക്കുറവിൽ വിൽക്കുന്നതിന് ആവശ്യാനുസരണം വെളിച്ചെണ്ണ നൽകുന്നുണ്ട്. |
| ഡി) | നൽകി വരുന്ന വെളിച്ചെണ്ണയുടെ അളവ് വെട്ടിക്കുറച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) & ഇ) | ശബരി വെളിച്ചെണ്ണ വിൽപ്പനയുടെ ഭൂരിഭാഗവും സബ്സിഡി നിരക്കിലാണ് പോകുന്നത്. വെളിച്ചെണ്ണയുടെ മാർക്കറ്റ് വിലയും സബ്സിഡി നിരക്കിലുള്ള വിൽപ്പന വിലയും തമ്മിലുള്ള ഭീമമായ അന്തരം നിമിത്തം മാസത്തിൽ ഏകദേശം 9 കോടി രൂപയുടെ നഷ്ടം സംഭവിക്കുന്നത് കുറയ്ക്കുന്നതിനു വേണ്ടിയാണ് സബ്സിഡി നിരക്കിലുള്ള വെളിച്ചെണ്ണയുടെ വിതരണ അളവ് പരിമിതപ്പെടുത്തിയതും വില വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്തതും. വില വർദ്ധിപ്പിക്കുന്നതിലൂടെ വെളിച്ചെണ്ണ ആവശ്യാനുസരണം വിതരണം ചെയ്യുന്നത് പുനഃസ്ഥാപിക്കുവാൻ സാധിക്കും. |
| ഇ) | ആയത് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

Beena

സെക്ഷൻ ഓഫീസർ